I/36559/2023

**ഭരണ ഭാഷ മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോര്‍ഡ് ബില്‍ഡിംഗ്സ്,
ശാന്തിനഗര്, തിരുവനന്തപുരം
ഫോണ്‍: 0471-2323198

സി.ജി & എ.സി-1/6154/2023/എച്ച്.എസ്.ഇ തീയതി:**03-11-2023**

**സർക്കുലർ**

വിഷയം: പൊ.വി.വ-ഹ.സെ.വി-സി.ജി&എ.സി - കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് - ഹയര് സെക്കന്ററി സ്കൂളുകളില് 2023 വര്ഷത്തെ സ്കൗട്ട് & ഗൈഡ്സ് ടോക്കണ് ഫ്ളാഗ് വിതരണം ചെയ്യുന്നത് - നിര്ദ്ദേശങ്ങള് സംബന്ധിച്ച്

സൂചന: 1).സര്ക്കാര് ഉത്തരവ് (എംഎസ്) നം. 7123/2022/പൊ.വിവ. തീയതി 22/11/2022.
2).സർക്കാർ ഉത്തരവ് (എംഎസ്) നം. 14/2014/പൊ.വി.വ തീയതി 15/01/2014

കേരള വിദ്യാഭ്യാസ നിയമം പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലേക്ക് നിർദ്ദേശിച്ചിട്ടുള്ള ഒരു പാഠാനുബന്ധ പ്രവർത്തനമാണ് സ്കൗട്ടിംഗും ഗൈഡിംഗും. ഹൈസ്കൂൾ ക്ലാസുകൾ വരെ പ്രവർത്തനം നടത്തിയിരുന്ന സ്കൗട്സ് & ഗൈഡ്സ് സൂചന (2) പ്രകാരം 2014-ലാണ് ഹയർസെക്കന്ററി സ്കൂളുകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചത്. ഹൈസ്കൂൾ ക്ലാസുകളിൽ നടത്തിയിരുന്ന സ്കൗട്ട്&ഗൈഡ് ടോക്കൺ ഫ്ളാഗിന്റെ വിൽപന ഹയർസെക്കന്ററി ക്ലാസുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് സൂചന (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനാൽ ഹയർസെക്കന്ററി സ്കൂളുകളിലെ സ്കൗട്ട്-ഗൈഡ് ടോക്കൺ ഫ്ളാഗുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം ടോക്കൺ ഫ്ളാഗുകൾ പ്രിന്റ് ചെയ്ത് എല്ലാ വർഷവും **നവംബര് 30**-നകം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (ആർ.ഡി.ഡി) നൽകും.ഓരോ ആർ.ഡി.ഡിയുടെ പരിധിയിലുള്ള

ഹയർസെക്കന്ററി ക്ലാസുകളിലെ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചാണ് ഇവ വിതരണം ചെയ്യേണ്ടത്. ആർ.ഡി.ഡി-മാർ ടോക്കൺ ഫ്ളാഗുകൾ **ഡിസംബര് 30**-ന് മുമ്പ് ഹയർ സെക്കൻഡറി സ്കൂൾ മേധാവികൾക്ക് വിതരണം ചെയ്യണം. വിതരണ സ്റ്റേറ്റ്മെന്റ് **ജനുവരി 30**-ന് മുമ്പ് **കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്, സ്റ്റേറ്റ് സെക്രട്ടറിക്ക് ഇ-മെയില്** മുഖേനയോ തപാൽ മുഖേനയോ ആർ.ഡി.ഡി മാർ കൈമാറണം.

ii. പ്രിൻസിപ്പൽമാർ തങ്ങൾക്ക് ലഭിക്കുന്ന ടോക്കൺ ഫ്ളാഗുകൾ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് **ജനുവരി 30**-ന് മുമ്പ് വിലയുടെ **74%** ആർഡിഡി ഓഫീസുകളിൽ അടയ്ക്കണം. ശേഷിക്കുന്ന **26%** സ്കൂളുകളിലെ സ്കൗട്ട്, ഗൈഡ്/ റോവർ, റേഞ്ചർ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കാം. സ്കൗട്ട്, ഗൈഡ്, റോവർ, റേഞ്ചർ യൂണിറ്റുകളില്ലാത്ത സ്കൂളുകളിലെ പ്രിൻസിപ്പൽമാർ പിരിച്ചെടുത്ത മുഴുവൻ തുകയും കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് അടക്കുന്നതിനായി ആർ.ഡി.ഡി ഓഫീസിൽ അടക്കണം.

iii. ആർ.ഡി.ഡി ഓഫീസിൽ ലഭിക്കുന്ന ടോക്കൺഫ്ളാഗ് കളക്ഷൻ തുക **ഫെബ്രുവരി 20** നകം കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് തിരുവനന്തപുരത്ത് മാറാവുന്ന **ഡിമാൻഡ് ഡ്രാഫ്റ്റ്** ആയോ, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിൻറെ ബാങ്ക് അക്കൗണ്ടിലേക്ക് RTGS/NEFT മുഖേനയോ (A/c No. 37775679382, IFSC Code: SBIN0070415, Bank: SBI Vikasbhavan) അടക്കേണ്ടതാണ്. **ഡി.ഡി/ ബാങ്ക് ട്രാൻസ്ഫർ** മുഖേന അടച്ച തുകയുടെ വിവരങ്ങൾ **(പേ ഇൻസ്ലിപ്പിൻറെ പകർപ്പ്)** കവറിംഗ് ലെറ്റർ സഹിതം **സ്റ്റേറ്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സ്റ്റേറ്റ് ഹെഡ്ക്വാട്ടേഴ്സ്, വികാസ് ഭവൻ പിഒ, തിരുവനന്തപുരം 695033** എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

iv. സ്കൂളുകളിൽ നിന്ന് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സിൻറെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് സ്വീകരിച്ച് അവ സംസ്ഥാന കാര്യാലയത്തിലേക്ക് അയക്കുന്ന രീതി ഒഴിവാക്കണം. സ്കൂളുകളിൽ നിന്ന് തുക സമാഹരിച്ച് ആകെ തുകയ്ക്കുള്ള **ഡി.ഡി/റെമിറ്റൻസ് സ്ലിപ്പ്** കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ്&ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിൽ അയക്കണം. തുക ലഭിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം അതാത് ആർ.ഡി.ഡി-മാരുടെ പേരിൽ രശീത് അയച്ചുകൊടുക്കണം. പ്രതിവർഷം വിതരണം ചെയ്ത ടോക്കൺ ഫ്ളാഗുകളുടെ എണ്ണത്തിനനുസരിച്ച തുക ആർ.ഡി.ഡികളിൽ നിന്നും പൂർണമായി ലഭ്യമാവുന്ന മുറയ്ക്ക്

I/36559/2023

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം ക്ലിയറൻസ് സർട്ടിഫിക്കറ്റും അനുവദിക്കേണ്ടതാണ്.

സ്കൗട്ട് ഗൈഡ് ടോക്കൺ ഫ്ളാഗ് വിതരണവും ധനസമാഹരണവും സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാ കൺട്രോളിംഗ് ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.

Signed by
Shanavas S Ias
Date: 03-11-2023 14:17:38 DIRECTOR

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**പകർപ്പ്:**

1.എല്ലാ റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ (ആർ.ഡി.ഡി) മാർക്കും

2.എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും

3.സെക്രട്ടറി, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ്, തിരുവനന്തപുരം